**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** | **01-02-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി കേന്ദ്രീകരിച്ച് താലൂക്കാസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിൽ അങ്കമാലി കേന്ദ്രീകരിച്ച് താലൂക്കാസ്ഥാനം വേണമെന്ന് അഭ്യർത്ഥിച്ച് നിയമസഭാംഗം സമർപ്പിച്ച അഭ്യർത്ഥനയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | അങ്കമാലി മണ്ഡലത്തിൽ അങ്കമാലി കേന്ദ്രീകരിച്ച് താലൂക്കാസ്ഥാനം വേണമെന്ന് അഭ്യർത്ഥിച്ച് നിയമസഭാംഗം സമർപ്പിച്ച അഭ്യർത്ഥനയിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചു വരികയാണ്. |
| (ബി) | അങ്കമാലി സിവിൽ സ്റ്റേഷനിൽ മതിയായ കെട്ടിട സൗകര്യം ഉള്ളതിനാൽ അങ്കമാലി കേന്ദ്രീകരിച്ച് താലൂക്ക് ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ അങ്കമാലി ഉൾപ്പെടെയുള്ള താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>അതിനു പുറമെ, സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽ നിന്നും പുതിയ താലൂക്ക്/വില്ലേജ് രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായി വരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ മാത്രമേ ആയവ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് പഠിക്കുവാൻ സർക്കാർ സമിതിയെ | (സി) | ബി പിരിവിനുള്ള മറുപടി |

| | | | |
|---|---|---|---|
| | നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ